"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - 2026 ഫെബ്രുവരി 21 മുതൽ 24 വരെ തെലങ്കാനയിൽ വച്ച് നടക്കുന്ന ഇന്ത്യ സ്കിൽസ് മത്സരങ്ങളുടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ റീജിയണൽ തല മത്സരത്തിൽ പങ്കെടുക്കുന്നതിനായി കേരളത്തിൽ മൽസരാർത്ഥികളെയും ഉദ്യോഗസ്ഥരെയും തെലങ്കാനയിലേക്ക് വിമാന മാർഗ്ഗം എത്തിക്കുന്നതിന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.231/2026/LBR തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:-
1. 16.09.2025 ലെ സ.ഉ(സാധാ)നം.1107/2025/തൊഴിൽ
2. എം.എസ്.ഡി.ഇ അഡീഷണൽ സെക്രട്ടറിയുടെ 16.02.2026-ലെ D.O. No. EP/4/2026-0/ US EP-Part(1) നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
3. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടറുടെ 18.02.2026-ലെ KASE/233/2025-O&S MGR നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഡ്യ സ്കിൽസ് മൽസരങ്ങളെ നൈപുണ്യോത്സവം മൽസരങ്ങളുമായി ചേർത്ത് നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ടും, പ്രസ്തുത മൽസരങ്ങൾ സംഘടിപ്പിക്കുന്നതിന് നോഡൽ ഓഫീസർ ആയി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) ഇൻഡ്യ സ്കിൽസ് മത്സരങ്ങളുടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ റിജിയണൽ തല മത്സരങ്ങൾ 2026 ഫെബ്രുവരി 21 മുതൽ 24 വരെ തെലങ്കാനയിലെ ഹൈദരാബാദിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതായി എം.എസ്.ഡി.ഇ അഡീഷണൽ സെക്രട്ടറി പരാമർശം (2)-ലെ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

3) 2026 ഫെബ്രുവരി 21 മുതൽ 24 വരെ തെലങ്കാനയിലെ ഹൈദരാബാദിൽ വച്ച് നടക്കുന്ന ഇൻഡ്യ സ്കിൽസ് മത്സരങ്ങളുടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ റീജിയണൽ തല മത്സരത്തിൽ കേരളത്തിൽ നിന്നുള്ള 61 മൽസരാർത്ഥികൾ പങ്കെടുക്കുന്നുണ്ടെന്നും, 20.02.2026-ന് വേദിയിൽ എത്തിച്ചേരണം എന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും, ലഭ്യമായ സമയം അനുസരിച്ച് വിമാന യാത്ര മാത്രമാണ് സമയ ബന്ധിതമായി മൽസരാർത്ഥികളെ വേദിയിൽ എത്തിക്കാനുള്ള ഏക മാർഗ്ഗമെന്നും ആയതിനാൽ 61 മൽസരാർത്ഥികളെയും 5

ഒഫീഷ്യൽസിനെയും സംസ്ഥാനത്തിന് പുറത്ത് തെലങ്കാനയിലേക്ക് വിമാന മാർഗ്ഗം എത്തിക്കുന്നതിനുള്ള അനുമതി നൽകണമെന്നും കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ഇനത്തിൽ വരുന്ന ചെലവ് NSDC വഹിക്കുമെന്നും എം.ഡി, കെയ്സ് അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, 2026 ഫെബ്രുവരി 21 മുതൽ 24 വരെ തെലങ്കാനയിലെ ഹൈദരാബാദിൽ വച്ച് നടക്കുന്ന ഇൻഡ്യ സ്കിൽസ് മത്സരങ്ങളുടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ റീജിയണൽ തല മത്സരത്തിൽ പങ്കെടുക്കുന്നതിനായി കേരളത്തിൽ നിന്നുള്ള 61 മൽസരാർത്ഥികളെയും 5 ഉദ്യോഗസ്ഥരെയും സംസ്ഥാനത്തിന് പുറത്ത് തെലങ്കാനയിലേക്ക് വിമാന മാർഗ്ഗം എത്തിക്കുന്നതിന്, ഇക്കാര്യത്തിൽ സംസ്ഥാനസർക്കാരിന് യാതൊരു വിധ സാമ്പത്തിക ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം.
3. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
4. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 19-02-2026 12:31:43
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതുവിദ്യാഭ്യാസവും, തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.